സർക്കാർ വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് മേൽപ്പറഞ്ഞ സ്ഥാപനങ്ങളെക്കൊണ്ട് മാത്രമായി നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഈ മേഖലയിലെ സ്വകാര്യ സംരംഭകരെക്കൂടി ഐ.ടി നയത്തിന്റെ ചട്ടക്കൂട്ടിലും സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായും പങ്കെടുപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. ഇതുവഴി ഐ.ടി മേഖലയിലെ സ്വകാര്യനിക്ഷേപം സംസ്ഥാനത്ത് കൂട്ടുവാൻ സാധിക്കുമെന്നും കരുതുന്നു.

ട്രഷറി കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള ജോലിക്ക് കെൽട്രോൺ ഐ.ബി.എമ്മുമായി കരാറിൽ ഏർപ്പെടുവാൻ അനുമതി നൽകിയിട്ടുണ്ട്. കരാർ ഇതുവരെ ഒപ്പുവെയ്ക്കപ്പെട്ടിട്ടില്ല. സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്കുമായി ബന്ധപ്പെട്ട് സ്ട്രക്ചേർഡ് കേബിളിംഗിനുള്ള ജോലി സി.എം.എസ് എന്ന സ്വകാര്യ സ്ഥാപനത്തിന് നിയമാനുസൃതം ടെണ്ടർ വഴി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള കേരള ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ് എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡും, സി-ഡിറ്റും തമ്മിൽ ധാരണയിലായിട്ടുണ്ട്.

11 (1603) ഫയലുകളിലെ തീർപ്പ് ലഘൂകരിക്കുന്നതിനുള്ള നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിലും ഇതര ഓഫീസുകളിലും ഒരു നിശ്ചിത ദിവസം വിവിധ വകുപ്പുകളിലെയും സെക്ഷനുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമ്മേളിച്ച് ആശയവിനിമയം നടത്തി കാലവിളംബമന്യേ ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിനുള്ള ഒരു സംവിധാനം ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വിവര സാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിനനുയോജ്യമായ വിധത്തിൽ സെക്രട്ടേറിയറ്റിലെയും ഇതര ഓഫീസുകളിലെയും നടപടിക്രമങ്ങൾ ലഘൂകരിച്ച് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ നീതി ലഭിക്കാനുതകുന്ന സംവിധാനം ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. വിവിധ വകുപ്പുകൾ ഇപ്രകാരം നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള ഭരണപരിഷ്കാരകമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly